പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3456** **19.06.2019-ൽ മറുപടിയ്ക്ക്**

## ചെക്ക്പോസ്റ്റുകളിലെ ജീവനക്കാരുടെ നിയമന മാനദണ്ഡങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചെക്ക് പോസ്റ്റുകളിലേക്ക് ജീവനക്കാരെ നിയമിച്ചുകൊണ്ട് 27.04.19 ൽ മോട്ടോർ വാഹന വകുപ്പ് എ 3/23/17/റ്റി.സി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് 30.09.2018 ലെ ജി.ഒ.(എം.എസ്.) നമ്പർ 59/2018/ട്രാൻസ്പോർട്ട് ലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പുറപ്പെടുവിച്ചിട്ടുള്ളത്; | (ബി) | മാനദണ്ഡങ്ങൾ പരമാവധി പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. |
| (സി) | അച്ചടക്ക നടപടി നേരിടുന്ന ഏതെങ്കിലും എ.എം.വി.ഐ./ എം.വി.ഐ./ഒ.എ.മാരെ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ? | (സി) | നിയമിച്ചിട്ടുണ്ട്. ഭരണ സൗകര്യാർത്ഥം മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ നൽകിയ പട്ടികയുടെ അടിസ്ഥാനത്തിലാണ് മേഖലാതല സീനിയോറിറ്റി അനുസരിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരേയും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരേയും ചെക്ക്പോസ്റ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചത്. ടി പട്ടികയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ടിയാനെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ